# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3572 17.10.2011-ൽ മറുപടിയ്ക്ക്**

## ദന്തരോഗ ചികിത്സാ രംഗത്തെ പിന്നോക്കാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ദന്തരോഗ ചികിത്സാ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഡെന്റൽ കോളേജുകളിൽ, ദന്ത ചികിത്സാ രംഗത്ത് പിന്നോക്കാവസ്ഥ നിലവിലില്ല. എന്നിരുന്നാലും ദന്തചികിത്സാ രംഗത്തെ ആധുനിക ചികിത്സാ രീതികൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ചികിത്സാരീതികൾ ലഭ്യമാക്കു-ന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ ആരോഗ്യവകുപ്പു ഡയറക്ടറുടെ നിയന്ത്രണത്തിൻ കീഴിൽ ദന്തചികിത്സാ രംഗത്തു പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 2011-2012 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി വിഹിതമായി 60 ലക്ഷം രൂപ ദന്താരോഗ്യ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>സ്ക്കൂൾ ദന്തൽ ക്യാമ്പുകൾ 14 ജില്ലകളിലായി സംഘടിപ്പിക്കുന്നതിനും, ദന്ത ശുചീകരണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് വിശദമാക്കികൊണ്ടുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും, പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും, നിലവിൽ പ്രവർത്തനരഹിതമായി ക്കിടക്കുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്ത് ദന്തൽ യൂണീറ്റുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്ന തിനും ശ്രമങ്ങൾ നടത്തുന്നു.<br><br>2010-2011 സാമ്പത്തിക വർഷത്തിൽ പുതുതായി 6 ഡെന്റൽ യൂണീറ്റുകൾ പ്രവർത്തനം ആരംഭിച്ചു. സി.എച്ച്.സി.വിതുര, താലൂക്ക് ആശുപത്രി ശാസ്താംകോട്ട, താലൂക്ക് ആശുപത്രി റാന്നി, താലൂക്ക് ആശുപത്രി കായംകുളം, താലൂക്ക് ആശുപത്രി തൃപ്പൂണിത്തുറ, ജനറൽ ആശുപത്രി കല്പറ്റ എന്നിവിടങ്ങളിലാണ് ഡെന്റൽ യൂണീറ്റുകൾ പ്രവർത്തനസജ്ജമാക്കിയത്. ഇവിടെ |

| | |
|---|---|
| | ഡെന്റൽ സർജന്റെ സേവനം എൻ.ആർ.എച്ച്.എം മുഖേന നിയമനം നൽകി പ്രയോജനപ്പെടുത്തി വരുന്നു. കൂടാതെ 2011-2012 സാമ്പത്തിക വർഷത്തിൽ 19 ഡെന്റൽ യൂണിറ്റുകൾ വിവിധ ജില്ലകളിലായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്. |
| (ബി) ദന്തൽ ഹൈജിനിസ്റ്റുകളുടെ സേവനം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പുനക്രമപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) ദന്തൽ ഹൈജിനിസ്റ്റുകളുടെ സേവനം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇവരുടെ സേവനം കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനായി സ്ക്കൂൾ ഡെന്റൽ ഹെൽത്ത് പ്രോഗ്രാമുകളിലും, ഡെന്റൽ ക്യാമ്പുകളിലും ഹൈജിനിസ്റ്റുകളെ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ